समग्र शिक्षा केरल
Samagra Shiksha Kerala
സമഗ്ര ശിക്ഷാ കേരളം

സംസ്ഥാന പ്രോജക്ട് ഡയറക്ടറുടെ കാര്യാലയം
**സമഗ്ര ശിക്ഷാ കേരളം (എസ്.എസ്.കെ)**
എസ്.എസ്.എ. ഭവൻ, നന്ദാവനം, തിരുവനന്തപുരം 695 033
ഫോൺ : 0471-2320826, 2320352, 2320703. ഇ-മെയിൽ: ssakerala@gmail.com

---

നം. എ4/4886/2026/എസ്.എസ്.കെ

തീയതി : 29/07/2026

## സർക്കുലർ

വിഷയം : സമഗ്ര ശിക്ഷാ കേരളം -2026-27- ജീവനക്കാര്യം - സ്പെഷ്യൽ എഡ്യൂക്കേറ്റർ/സ്പെഷ്യലിസ്റ്റ് അധ്യാപകർ - അടിയന്തിരയോഗം ചേരുന്നത് - സംബന്ധിച്ച്.

കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ബി.ആർ.സി.യിൽ രണ്ട് സ്പെഷ്യൽ എഡ്യൂക്കേറ്റർമാരെയും ഒരു സ്പെഷ്യലിസ്റ്റ് അധ്യാപികയും MDMA കേസിൽ പ്രതികളായ സാഹചര്യത്തിൽ സംസ്ഥാനത്തെ എല്ലാ ബി.ആർ.സി.കളിലെയും സ്പെഷ്യലിസ്റ്റ് അധ്യാപകരുടേയും സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെയും യോഗം അടിയന്തിരമായി വിളിച്ചു ചേർക്കേണ്ടതാണ്. കൂടാതെ എല്ലാ ബി.ആർ.സി. കോ-ഓർഡിനേറ്റർമാർക്കും ഇക്കാര്യത്തിൽ ജാഗ്രത പാലിക്കാൻ നിർദ്ദേശം നൽകേണ്ടതും, എല്ലാ മേഖലകളിലെയും പ്രവർത്തനങ്ങൾ സമഗ്രമായി നിരീക്ഷിക്കാൻ കർശന നിർദ്ദേശം നൽകേണ്ടതുമാണ്. എല്ലാ ബ്ലോക്ക് പ്രോജക്ട് കോ-ഓർഡിനേറ്റർമാരും, ഓട്ടിസം സെന്ററുകളിലും, ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം നൽകുന്ന വീടുകളിലും, സ്കൂളുകളിലും സന്ദർശനം നടത്തി ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർമാർക്ക് റിപ്പോർട്ട് നൽകാൻ നിർദേശം നൽകേണ്ടതാണ്. രക്ഷാകർത്താക്കൾ, സ്കൂൾ തലവൻമാർ തുടങ്ങിയവരുമായി ബ്ലോക്ക് പ്രോജക്ട് കോ-ഓർഡിനേറ്റർമാർ നിരന്തരമായി സമ്പർക്കത്തിൽ ഏർപ്പെടേണ്ടതും മയക്കുമരുന്ന് ഇടപാടുമായി ബന്ധപ്പെട്ട് എന്തെങ്കിലും കാര്യങ്ങൾ ശ്രദ്ധയിൽപെട്ടാൽ അടിയന്തിരമായി സ്റ്റേറ്റ് ഓഫീസിനേയും, ലോക്കൽ പോലീസിനെയും അറിയിക്കേണ്ടതുമാണ്. കോഴിക്കോട് ജില്ലയിൽ ഇത്തരത്തിലുള്ള യോഗം ഈ ആഴ്ചയിൽ തന്നെ ചേർന്ന് ആയതിന്റെ മിനുട്സ് സംസ്ഥാന കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ

സ്വീകർത്താവ്:

എല്ലാ ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർമാർക്കും

AR-2026